പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7182 03.11.2011 ൽ മറുപടിക്ക്

## പരസ്യ ചെലവ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജി.സുധാകരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011 സെപ്തംബർ 30 വരെ ദൃശ്യ,ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെ പരസ്യം നൽകിയ ചെലവ്, മാധ്യമങ്ങളുടെ പേരും ഓരോന്നിനും നൽകിയ തുക എത്ര എന്നും വ്യക്തമാക്കുമോ;<br><br>(ബി) മേൽ കാലയളവിലെ പരസ്യങ്ങൾ നൽകിയ വകയിൽ മാധ്യമങ്ങൾക്ക് തുക കൊടുക്കുവാനുണ്ടെങ്കിൽ ഓരോ മാധ്യമങ്ങൾക്കും നൽകാനുള്ള തുക എത്ര എന്നറിയിക്കുമോ ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011 സെപ്തംബർ 30 വരെ ദൃശ്യ,ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെ നൽകിയ പരസ്യങ്ങൾക്ക് തുകയൊന്നും ചെലവഴിച്ചിട്ടില്ല. ടി കാലയളവിൽ ഏകദേശം 2,39,18,411/- (രണ്ട് കോടി മുപ്പത്തി ഒൻപത് ലക്ഷത്തി പതിനെണ്ണായിരത്തി നാനൂറ്റി പതിനൊന്ന്)രൂപയ്ക്കുള്ള ടെൻഡർ പരസ്യങ്ങളും, 10,54,00,000/- (പത്ത് കോടി അൻപത്തി നാല് ലക്ഷം)രൂപയ്ക്കുള്ള ഡിസ്പ്ലേ പരസ്യങ്ങളും, ഇലക്ട്രോണിക് മീഡിയയ്ക്കായി ഒന്നരകോടി രൂപയ്ക്കുള്ള പരസ്യങ്ങളും നൽകിയിട്ടുണ്ട്. |
| (സി) മുൻ സർക്കാരിന്റെ കാലത്ത് 2006 മേയ് 18 മുതൽ 2006 സെപ്തംബർ 30 വരെ ദൃശ്യ,ശ്രാവ്യ,അച്ചടി മാധ്യമങ്ങളിലൂടെ പരസ്യം നൽകിയ ഇനത്തിൽ എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ ; | | (സി) 2006 മേയ് 18 മുതൽ 2006 സെപ്തംബർ 30 വരെ 1,19,01,787/- (ഒരു കോടി പത്തൊൻപത് ലക്ഷത്തി ആയിരത്തി എഴുനൂറ്റി എൺപത്തിയേഴ്) രൂപയ്ക്കുള്ള ടെൻഡർ പരസ്യങ്ങൾ പത്രമാധ്യമങ്ങൾക്ക് നല്കിയിട്ടുണ്ട്. കൂടാതെ 79,91,342/- (എഴുപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി മുന്നൂറ്റി നാൽപത്തി രണ്ട്) രൂപ ഡിസ്പ്ലേ പരസ്യക്കൂലിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം സർക്കാരിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പി.ആർ.ഡി വഴി പ്രത്യേക ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം; ഇതിന് എന്തു തുക ചെലവായി എന്നറിയിക്കാമോ ?

(ഡി) ഉണ്ട്. 100 ദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് 'നൂറുദിന വിസ്മയം' എന്ന പേരിൽ മലയാളത്തിലും 'Hundred days magic' എന്ന പേരിൽ ഇംഗ്ലീഷിലും ഓരോ ലഘുപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഇതിന് 20821/- (ഇരുപതിനായിരത്തി എണ്ണൂറ്റി ഇരുപത്തി ഒന്ന്) രൂപ ചെലവായി. അവ വിതരണം ചെയ്തയിനത്തിൽ ചെലവായ 39795/- (മുപ്പത്തൊൻപതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിയഞ്ച്) രൂപ ഉൾപ്പടെ മൊത്തം 60,616/-(അറുപതിനായിരത്തി അറുനൂറ്റി പതിനാറ്) രൂപ ചെലവായിട്ടുണ്ട്.

Jalajakumari

സെക്ഷൻ ഓഫീസർ

V